കേരള സർക്കാർ

വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്

ജില്ലാ ഇൻഫർമേഷൻ ആഫീസ് 2018 ആഗസ്റ്റ് 07

കാസർകോട് ചൊവ്വ

www.prd.kerala.gov.in 04994 255145 dioksgd@gmail.com

## പാലായി വളവ് റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണോദ്ഘാടനം 11ന് മുഖ്യമന്ത്രി നിർവഹിക്കും

പാലായി വളവ് റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണോദ്ഘാടനം ഈ മാസം 11ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.ഉച്ചയ്ക്ക് 12ന് പാലായിയിൽ നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ ജലവിഭവ വകുപ്പ്മന്ത്രി മാത്യു.ടി തോമസ് അധ്യക്ഷതവഹിക്കും. റവന്യു-ഭവനനിർമ്മാണ വകുപ്പ്മന്ത്രി ഇ.ചന്ദ്രശേഖരൻ, പി.കരുണാകരൻ എം.പി എന്നിവർ മുഖ്യാതിഥികളായിരിക്കും.

എം.രാജഗോപാലൻ എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എജിസി ബഷീർ, ജില്ലാ കളക്ടർ(ഇൻചാർജ്) എൻ.ദേവീദാസ്, നീലേശ്വരം നഗരസഭാ ചെയർമാൻ പ്രൊഫ.കെ.പി ജയരാജൻ, നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.പി ജാനകി, പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.രാജൻ, നബാർഡ് എജിഎം ജ്യോതിസ് ജഗനാഥ്, മുൻ എംഎൽഎമാരായ കെ.കുഞ്ഞിരാമൻ, കെ.പി സതീഷ്ചന്ദ്രൻ തുടങ്ങിയവർ പങ്കെടുക്കും.

നീലേശ്വരം നഗരസഭയെയും കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിച്ച് കാര്യങ്കോട് പുഴയിലാണ് പാലായി വളവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നത്. ഹോസ്ദുർഗ് താലൂക്കിൽ നീലേശ്വരം നഗരസഭയിലേയും കിനാനൂർ-കരിന്തളം, കയ്യൂർ-ചീമേനി, വെസ്റ്റ് എളേരി, ഈസ്റ്റ് എളേരി, ചെറുവത്തൂർ ഗ്രാമപഞ്ചായത്തുകളിലേയും ജലസേചന കുടിവെള്ള ഗതാഗതസൗകര്യം മെച്ചപ്പെടുത്തുന്നതിനായി ജലസേചനവകുപ്പ് നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്.

## വൃദ്ധയായ അമ്മയെ മകളും മരുമകനും ചേർന്നു ദ്രോഹിക്കുന്നു; കേസ് എടുക്കാൻ പോലീസിനോട് വനിതാ കമ്മീഷൻ

സ്വത്തിനുവേണ്ടി വൃദ്ധയായ അമ്മയെ മകളും മരുമകനും ചേർന്നു മാനസികമായും ശാരീരികമായും പീഡിപ്പിക്കുന്നതായി വില്ലേജ് ഓഫീസറിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇവർക്കെതിരെ കേസ് എടുക്കുവാൻ വനിത കമ്മീഷൻ പോലീസിനു നിർദേശം നൽകി. മാനസിക പീഡനം സഹിക്കാനാകാതെ മാനസിക സംഘർഷത്തിൽ മരണത്തിനുവരെ കാരണമായേക്കാമെന്ന ഹോസ്ദുർഗ് വില്ലേജ് ഓഫീസറിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണു വനിത കമ്മീഷൻ അംഗം ഡോ.ഷാഹിദ കമാൽ പോലീസിനോട് ഉടൻ കേസ് രജിസ്റ്റർ ചെയ്യാൻ നിർദേശം നൽകിയത്.

വാർധക്യസഹജമായ കാരണങ്ങളാൽ നിരവധി അസുഖങ്ങൾ അലട്ടുന്ന ഹോസ്ദുർഗിൽ നിന്നുള്ള 77കാരിയായ തമ്പായിയമ്മയെയാണു സർക്കാർ സ്കൂളിൽ പ്രധാനാധ്യപികയായ മകളും റിട്ട.പോലീസ് ഉദ്യോഗ

(തുടരും)

സ്ഥനായ മരുമകനും ചേർന്നു ദ്രോഹിക്കുന്നത്. ചികിത്സയ്ക്കും മറ്റ് ആവശ്യങ്ങൾക്കുമായി തമ്പായിയമ്മയുടെ പേരിലുള്ള മൂന്നര സെന്റ് ഭൂമി വിൽക്കാൻ ശ്രമിച്ചപ്പോഴാണു സമീപത്തു താമസിക്കുന്ന മകളും മരുമകനും ചേർന്നു ശാരീകമായും മാനസീകമായും പീഡനങ്ങൾ തുടങ്ങിയത്. മൂന്നു പെൺമക്കൾ ഉൾപ്പെടെ നാലു മക്കളാണ് ഈ അമ്മയ്ക്ക്. ഇതിൽ സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള ഇളയമകളാണ് ഏക ആശ്രയം. മറ്റു മക്കൾ മെച്ചപ്പെട്ടനിലയിലാണ്. സ്കൂളിൽ പാചകക്കാരിയായി ജോലി ചെയ്തുംമറ്റും മക്കളെയെല്ലാം പഠിപ്പിച്ചു. എന്നാൽ വാർധക്യകാലത്തു തനിക്ക് അവരിൽ നിന്ന് ഒരു സഹായവും ലഭിക്കുന്നില്ലെന്നു കഴിഞ്ഞ എപ്രിൽ 17ന് കളക്ടറേറ്റിൽ നടന്ന മെഗാ അദാലത്തിൽ ഇളയമകൾക്കൊപ്പമെത്തിയ തമ്പായിയമ്മ വനിതാ കമ്മീഷനിൽ പരാതി നൽകിയിരുന്നു. തന്റെ പേരിലുള്ള ഭൂമി വിൽക്കാൻ അനുവദിക്കുന്നില്ലെന്നും പരാതിപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസറോട് കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു.

ഈ വിഷയം വളരെ ഗൗരവത്തോടെയാണു കമ്മീഷൻ വിലയിരുത്തുന്നതെന്നും വില്ലേജ് ഓഫീസർ നൽകിയിരിക്കുന്ന റിപ്പോർട്ട് ഗൗരവതരമാണെന്നും ഡോ.ഷാഹിദ കമാൽ പറഞ്ഞു. തമ്പായമ്മയുടെ പേരിലുള്ള ഭൂമി വിൽക്കാൻ അനുവദിക്കാതെ പ്രായാധിക്യം മൂലമോ മാനസിക സംഘർഷത്താലോ ഇവർ മരിച്ചാൽ ഈ ഭൂമിയുടെ അവകാശം തനിക്ക് കയ്യടക്കാമെന്ന ലക്ഷ്യത്തോടെയാണു മകൾ പ്രവർത്തിക്കുന്നതെന്നു മനസിലാക്കുന്നതായി വില്ലേജ് ഓഫീസറിന്റെ റിപ്പോർട്ടിൽ പറയുന്നതായി കമ്മീഷൻ വ്യക്തമാക്കി. മരുമകൻ ഒരിക്കൽ തെറിവിളിച്ചതിനെതുടർന്നു തളർന്നുവീണ തമ്പായിയമ്മയെ തൊട്ടടുത്ത് കട നടത്തുന്നയാളാണ് ആശുപത്രിയിലെത്തിച്ചത്. നല്ല സാമ്പത്തിയനിലയിലുള്ള ഇവർ ഈ അമ്മയെ പരിചരിക്കുന്നില്ലെന്നും ക്ലിനിക്കിൽ ജോലി ചെയ്യുന്ന ഇളയ മകളാണു സംരക്ഷിക്കുന്നതെന്നും അന്വേഷണത്തിൽ കണ്ടെത്തിയതായി റിപ്പോർട്ടിൽ പറയുന്നു. തമ്പായിയമ്മയുടെ പ്രായം പോലും പരിഗണിക്കാതെയാണ് മകൾ ഇങ്ങനെ പെരുമാറുന്നതെന്നും പ്രായത്തിന്റേതായ എല്ലാ ആനുകൂല്യങ്ങളും ഈ അമ്മയ്ക്ക് അർഹതപ്പെട്ടതാണെന്നും എതിർ സ്ഥാനത്തുനിൽക്കുന്നയാൾ സർക്കാർ സ്കൂളിലെ അധ്യാപികയാണെന്നതും ഗൗരവപരമായ കാര്യമാണെന്നു കമ്മീഷൻ വിലയിരുത്തി. പോലീസിനോട് ഉടൻ കേസ് എടുക്കുവാനാണു നിർദേശിച്ചിരിക്കുന്നതെന്നും ഡോ.ഷാഹിദ കമാൽ പറഞ്ഞു.

ഫോട്ടോ അടിക്കുറിപ്പ്:- തമ്പായിയമ്മ:-

വനിതാ കമ്മീഷൻ അംഗം ഡോ.ഷാഹിദ കമാൽ കളക്ടറേറ്റിൽ നടത്തിയ അദാലത്തിൽ തമ്പായിയമ്മയിൽ നിന്നു പരാതി കേൾക്കുന്നു.(ഫയൽഫോട്ടോ)

## വനിത കമ്മീഷൻ അദാലത്തിൽ 54 പരാതികൾ പരിഗണിച്ചു

ജില്ലയിൽ സംസ്ഥാന വനിത കമ്മീഷൻ നടത്തിയ അദാലത്തിൽ 12 പരാതികൾ തീർപ്പായി. കാസർകോട് കളക്ടറേറ്റ് മിനി കോഫറൻസ് ഹാളിൽ വനിത കമ്മീഷൻ അംഗം ഡോ.ഷാഹിദ കമാലിന്റെ അധ്യക്ഷതയിൽ നടന്ന അദാലത്തിൽ മൊത്തം 54 പരാതികളാണു പരിഗണിച്ചത്. ഇതിൽ എട്ടു പരാതികളിൽ പോലീസിനോടും വിവിധ വകുപ്പുകളോടും റിപ്പോർട്ട് തേടി. നാലു പരാതികളിൽ ആർഡിഒ യോട് റിപ്പോർട്ട് തേടി. രണ്ടു പരാതികളിൽ കൗൺസിലിംഗ് നിർദേശം നൽകി. ലീഗൽപാനൽ അംഗങ്ങളായ അഡ്വ. പി.പി ശ്യാമളദേവി, അഡ്വ.എസ്.എൻ സരിത, വനിതാ പ്രൊട്ടക്ഷൻ ഓഫീസർ എ.എസ് പ്രമീള, വനിതാ സെൽ എസ്.ഐ:എം.ലീല തുടങ്ങിയവർ അദാലത്തിൽ പങ്കെടുത്തു.

ഫോട്ടോ അടിക്കുറിപ്പ്: വനിത:-

വനിതാ കമ്മീഷൻ അംഗം ഡോ.ഷാഹിദ കമാലിന്റെ അധ്യക്ഷതയിൽ കാസർകോട് കളക്ടറേറ്റിൽ നടത്തിയ അദാലത്ത്.

## അക്ഷരലക്ഷം സാക്ഷരതാ പരീക്ഷ;

## ജില്ലയിൽ 1897 പേർ പരീക്ഷ എഴുതി

സംസ്ഥാന സാക്ഷരതാമിഷൻ നടത്തിയ അക്ഷരലക്ഷം സാക്ഷരതാ പരീക്ഷയിൽ ജില്ലയിൽ 78 കേന്ദ്രങ്ങളിലായി1897 പഠിതാക്കൾ പരീക്ഷ എഴുതി.1631 സ്ത്രീകളും 266 പുരുഷൻമാരുമാണ് പരീക്ഷ എഴുതിയത്. കാറഡുക്ക ബ്ലോക്കിലെ 85 വയസുള്ള കുംഭയും, പരപ്പ ബ്ലോക്കിലെ ഗോപാലനുമാണ് ജില്ലയിലെ ഏറ്റവും പ്രായം കൂടിയ പഠിതാക്കൾ. ജനപ്രതിനിധികൾ, ഇൻസ്ട്രക്ടർമാർ, പ്രേരക്മാർ, സാക്ഷരതാ പ്രവർത്തകർ പരീക്ഷയ്ക്ക് നേതൃത്വം നൽകി. പരീക്ഷയുടെ ജില്ലാ തല ഉദ്ഘാടനം അമ്പലത്തറ സ്കൂളിൽ കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി.ഗൗരി നിർവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് അംഗം പി.നാരായണൻ അധ്യക്ഷത

(തുടരും)

വഹിച്ചു.ജില്ലാ കോ-ഓർഡിനേറ്റർ ഷാജുജോൺ പദ്ധതി വിശദീകരിച്ചു. ഗ്രാമ പഞ്ചായത്ത് അംഗം സി.കൃഷ്ണകുമാർ, ജയശ്രീ, ജില്ലാ സാക്ഷരതാമിഷൻ അസി.കോ-ഓർഡിനേറ്റർ പി.പി.സിറാജ്, ജില്ലാ സാക്ഷരതാ സമിതി അംഗങ്ങളായ പപ്പൻകുട്ടമ്മത്ത്, കെ.വി.രാഘവൻമാസ്റ്റർ,നോഡൽ പ്രേരക് എം.ഗീത എന്നിവർ സംസാരിച്ചു.

## ജില്ലാ പഞ്ചായത്തിൽ കോഫിഡൻഷ്യൽ അസിസ്റ്റൻ ഒഴിവ്

കാസർകോട് ജില്ലാ പഞ്ചായത്ത് ഓഫീസിൽ നിലവിൽ ഒഴിവുള്ള കോഫിഡൻഷ്യൽ അസിസ്റ്റൻ തസ്തകയിലേക്കുള്ള ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള കൂടിക്കാഴ്ച ഈ മാസം 10ന് രാവിലെ 10.30ന് ജില്ലാ പഞ്ചായത്ത് ഓഫീസിൽ നടത്തും. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ അസൽ രേഖകൾ സഹിതം കൃത്യസമയത്ത് ഹാജരാകണം. ഫോൺ: 04994-256722

## അയ്യങ്കാളി സ്‌ക്കോളർഷിപ്പ് അപേക്ഷ തീയതി നീട്ടി

2018-19 അധ്യയന വർഷം സർക്കാർ എയ്ഡഡ് സ്‌കൂളുകളിൽ അഞ്ചാം ക്ലാസിലോ എട്ടാം ക്ലാസിലോ പഠിക്കുന്ന വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കുറവുള്ള കുടുംബത്തിലെ സമർത്ഥരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് അവരുടെ പഠനം മെച്ചപ്പെടുത്തുന്നതിന് അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്പ്‌മെന്റ് സ്‌കീം പ്രകാരം ആനുകൂല്യത്തിനുള്ള അപേക്ഷകൾ ഈ മാസം 15 വരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുമായി ബന്ധപ്പെടുക.

## പട്ടികജാതി വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് ശിൽപശാല

പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഈ അധ്യയന വർഷം രണ്ടാം വർഷ പ്ലസ് ടു, വി.എച്ച്.എസ്.സി. കോഴ്‌സുകൾക്ക് പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസ് നൽകുന്നു. 1ഈ മാസം 13ന് രാവിലെ 10 മുതൽ കാഞ്ഞങ്ങാട് മുനിസിപ്പൽ ടൗൺ ഹാളിലാണ് ശിൽപശാല സംഘടിപ്പിക്കുന്നത്. രാവിലെ 9.30-ന് രജിസ്‌ട്രേഷൻ ആരംഭിക്കും. ബന്ധപ്പെട്ട വിദ്യാർത്ഥികൾ കൃത്യസമയത്ത് കാഞ്ഞങ്ങാട് മുനിസിപ്പൽ ടൗൺ ഹാളിൽ എത്തിച്ചേരണം. ശിൽപശാലയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് യാത്രാ ബത്തയും ഉച്ചഭക്ഷണവും നൽകും.

## മേലാങ്കോട്ട് ഗവ.യു.പി.സ്‌കൂളിന്റെ മുഖം മാറ്റാൻ സർക്കാരിന്റെ 2.50 കോടി രൂപ

മേലാങ്കോട്ട് എ.സി.കണ്ണൻ നായർ സ്മാരക ഗവ.യു.പി.സ്‌കൂളിന്റെ മുഖം മാറ്റാൻ സർക്കാർ ഫണ്ടിൽ നിന്ന് 2.50 കോടി രൂപ. പൊതു വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി വിദ്യാഭ്യാസ മന്ത്രിയുടെ പ്രത്യേക പദ്ധതിയിലുൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിനായി സമർപ്പിച്ച രൂപരേഖയ്ക്കാണു കഴിഞ്ഞ ദിവസം ഭരണാനുമതി ലഭിച്ചത്. അവധി ദിനങ്ങളും രാത്രി സമയങ്ങളും ഉപയോഗപ്പെടുത്തി സ്‌കൂളിലും പ്രാദേശിക കേന്ദ്രങ്ങളിലും പഠന നിലവാരം ഉയർത്താനുള്ള വിജയ മന്ത്രം, ഹരിത പട്ടാളം തുടങ്ങിയ വേറിട്ട പരിപാടികൾ സംഘടിപ്പിച്ചു പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിനുതന്നെ മാതൃകയായ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾകൂടി മെച്ചപ്പെടുന്നതിലൂടെ കാഞ്ഞങ്ങാട് നഗരമധ്യത്തിലെ സർക്കാർ വിദ്യാലയത്തിന്റെ കെട്ടും മട്ടും അടിമുടി മാറും.

അന്താരാഷ്ട്ര വിദ്യാലയങ്ങളോട് കിടപിടിക്കുന്ന ഭൗതിക-അക്കാദമിക സംവിധാനങ്ങൾ ഒരുക്കി സ്‌കൂൾ ഹൈടെക് ആക്കാനുള്ള പ്രവർത്തനങ്ങൾ കാഞ്ഞങ്ങാട് നഗരസഭയുടെ നേതൃത്വത്തിൽ നടക്കുന്നതിനിടയിലാണു വിദ്യാലയ ചരിത്രത്തിലാദ്യമായി ഇത്രയും വലിയ വികസന പദ്ധതിക്ക് അംഗീകാരം ലഭിച്ചത്.

താഴത്തെ നിലയിൽ ആയിരത്തി അഞ്ഞൂറ് പേർക്ക് ഇരിക്കാവുന്ന ഹാളും മുകളിൽ അഞ്ച് ക്ലാസ് മുറികളും ടോയ്‌ലറ്റ് കോംപ്ലക്‌സുകളും ചേർന്നതാണു പുതിയ കെട്ടിട സമുച്ചയം. ഇതിനു പുറമെ അത്യാധുനിക രീതിയിലുള്ള ലൈബ്രറിയും പണിയും.1923-ൽ ബല്ല ഗവ.എൽ.പി.സ്‌കൂളായി പ്രവർത്തനം തുടങ്ങിയ വിദ്യാലയം 1980 ലാണ് യു.പി.യായി ഉയർത്തിയത്. ഉത്തര മലബാറിലെ ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങൾക്ക് നേതൃത്വം വഹിച്ച സ്വാതന്ത്ര്യ സമര സേനാനി എ.സി.കണ്ണൻ നായരുടെ നാമധേയത്തിലാണ് 2005 മുതൽ ഈ വിദ്യാലയം അറിയപ്പെടുന്നത്. റവന്യൂ മന്ത്രിയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് മുഴുവൻ ക്ലാസുകളിലും ടച്ച് സ്‌ക്രീനും ലാപ്‌ടോപ്പും എൽ.സി.ഡി പ്രൊജക്ടറും സ്ഥാപിക്കുന്നതിനുള്ള പദ്ധതി അന്തിമഘട്ടത്തിലാണ്. അഞ്ഞൂറിലധികം

(തുടരും)

കുട്ടികൾ പഠിക്കുന്ന ഈ വിദ്യാലയത്തിൽ മെച്ചപ്പെട്ട ലബോറട്ടറിയോ കളിസ്ഥലമോ അടുക്കളയോ ഡൈനിംഗ് ഹാളോ ഇല്ല. കാഞ്ഞങ്ങാട് നഗരസഭാ ചെയർമാൻ വി.വി.രമേശന്റെയും സ്കൂൾ വികസന സമിതി ചെയർമാൻ സംസ്ഥാന ലൈബ്രറി കൗൺസിൽ സെക്രട്ടറി കൂടിയായ അഡ്വ.പി.അപ്പുക്കുട്ടന്റെയും മുൻ പി ടി എ പ്രസിഡന്റ് അഡ്വ.പി.എൻ.വിനോദ് കുമാറിന്റെയും പൂർവ വിദ്യാർഥി സംഘടനയുടെയും നിരന്തര പരിശ്രമത്തിന്റെ ഫലമായാണ് വിദ്യാലയ വികസനത്തിന് ഇത്രയും വലിയ തുക അനുവദിച്ചത്.

ഫോട്ടോ അടിക്കുറിപ്പ് :മേലാങ്കോട്ട്:- മേലാങ്കോട്ട് എ.സി.കണ്ണൻ നായർ സ്മാരക ഗവ.യു.പി.സ്കൂൾ

# സിവിൽ സർവീസ് പരീക്ഷാപരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു

കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമിയുടെ പൊന്നാനി കേന്ദ്രത്തിൽ യു.പി.എസ്.സി 2019 ൽ നടത്തുന്ന സിവിൽ സർവീസ് പരീക്ഷാ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. www.ccek.org ൽ ഇന്ന് (ആഗസ്റ്റ് 8) മുതൽ 29 വൈകിട്ട് അഞ്ചുവരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. പ്രവേശനപരീക്ഷ സെപ്റ്റംബർ 1 ന് സിവിൽ സർവീസ് അക്കാഡമിയുടെ പൊന്നാനി ഈശ്വരമംഗലത്തുള്ള കേന്ദ്രത്തിൽ നടക്കും. സെപ്റ്റംബർ 14 ന് ക്ലാസുകൾ ആരംഭിക്കും.

പാലോളി കമ്മറ്റി റിപ്പോർട്ടിന്റെ ശുപാർശപ്രകാരം സ്ഥാപിതമായ കേന്ദ്രത്തിലെ 50 ശതമാനം സീറ്റുകൾ മുസ്ലീം ന്യൂനപക്ഷ വിഭാഗങ്ങൾക്കും 10 ശതമാനം സീറ്റുകൾ എസ് സി, എസ്ടി വിഭാഗക്കാർക്കുമായി സംവര ണംചെയ്തിരിക്കുന്നു. ഇവർക്ക് ട്യൂഷൻഫീസ് സൗജന്യം. ആൺകുട്ടികൾക്കും പെകുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം ലഭിക്കും. വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട വിലാസം: ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ സ്റ്റഡീസ് ആന്റ് റി സർച്ച്, കരിമ്പന, ഈശ്വരമംഗലം പി. ഒ, പൊന്നാനി, പിൻ- 679573. ഫോൺ :0494 2665489. www.ccek.org , email.icsrgovt@gmail.com

# മെസ്ഗേൾ ഒഴിവ്

കാഞ്ഞങ്ങാട് മീനാപ്പീസ് കടപ്പുറത്ത് പ്രവർത്തിക്കുന്ന പെകുട്ടികൾ മാത്രം താമസിച്ചു പഠിക്കുന്ന ജി ആർ എഫ് ടി എച്ച് എസ് ഫോർ ഗേൾസ് സ്കൂളിലെ 2018-19 വർഷത്തേക്ക് മെസ്ഗേൾ തസ്തികയിലേക്ക് ദിവ സവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. കൂടിക്കാഴ്ച ഈ മാസം 10ന് രാവിലെ 11ന് സ്കൂൾ ഓഫീ സിൽ നടത്തും. താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ (സ്തീകൾ മാത്രം) അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം. ഫോൺ: 9496251306, 9656549998, 9496389776

# വാർഡൻ ഒഴിവ്

കാഞ്ഞങ്ങാട് മിനാപ്പീസ് കടപ്പുറത്ത് പ്രവർത്തിക്കുന്ന പെൺ കുട്ടികൾ മാത്രം താമസിച്ചു പഠിക്കുന്ന ജി.ആർ.എഫ്.ടി.എച്ച്.എസ് ഫോർ ഗേൾസ് സ്കൂളിൽ 2018-19 വർഷത്തേക്ക് വാർഡൻ തസ്തികയിലേക്ക് ദിവ സവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. ഈ മാസം 10 ന് രാവിരെ 11 ന് സ്കൂളിൽ നടക്കുന്ന കൂടിക്കാ ഴ്ചയിൽ പങ്കെടുക്കാൻ 40 നും 60 നും ഇടയിൽ പ്രായമുള്ള ഉദ്യോഗാർത്ഥികൾ (സ്ത്രീകൾ മാത്രം) അസൽ സർട്ടിഫിക്കറ്റ് സഹിതം ഹാജരാകണം. ഫോ. 9496251306, 9496389776, 9656549998.

# കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ടീച്ചർ ഒഴിവ്

കാഞ്ഞങ്ങാട് മീനാപ്പീസ് കടപ്പുറത്ത് പ്രവർത്തിക്കുന്ന പെകുട്ടികൾ മാത്രം താമസിച്ചുപഠിക്കു ജി.ആർ. എഫ്.ടി.എച്ച്. എസ്. ഫോർ ഗേൾസ് സ്കൂളിൽ 2018-19 വർഷത്തേക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ടീച്ചർ തസ്തി കയിലേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുവേണ്ടി ഈ മാസം 10 ന് രാവിലെ 11 മണിക്ക് സ്കൂൾ ഓഫീസിൽ കൂടിക്കാഴ്ച നടത്തും. താല്ര്യമുള്ള ഉദ്യോഗാർത്ഥികൾ അസൽ സർട്ടഫിക്കറ്റ് സഹിതം ഹാജരാകണം. യോഗ്യത. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിലുള്ള ബിരുദം.,ബിരുദാനന്ത ബിരുദം, ബിഎഡ്, എംഎഡ്. ഫോ. 9496251306, 9656549998, 9496389776.

# കാട്ടുമരം ലേലം

(തുടരും)

ബെളളൂർ ഗ്രാമ പഞ്ചായത്തിലെ നെട്ടണിഗെ വില്ലേജിൽ റീ-സർവേ നം.148-ൽ പ്പെട്ട കൈപ്പംഗള തോട് പുറമ്പോക്കിൽ സ്ഥിതി ചെയ്തിരുന്ന കാട്ടുമരം (വെൺകൊട്ട്) ഈ മാസം 16 ന് രാവിലെ 11ന് ലേലം ചെയ്യും. കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നു ലഭിക്കും. ഫോൺ: 04994 260073, 9496049703.

## ഭൂമിലേലം

പിഴത്തുക ഈടാക്കുന്നതിനുവേണ്ടി ജപ്തി ചെയ്ത പനയാൽ വില്ലേജിലെ റി.സ.നം.263/1 ൽപ്പെട്ട 0.02 3/4 ഏക്കർ സ്ഥലം ഈ മാസം 10ന് രാവിലെ 11 ന് പനയാൽ വില്ലേജ് ഓഫീസിൽ ലേലം ചെയ്യും. ലേല സംബ ന്ധമായ കൂടുതൽ വിവരങ്ങൾക്ക് ഹോസ്ദുർഗ് താലൂക്കുമായോ പനയാൽ വില്ലേജ് ഓഫീസറുമായോ ബന്ധ പ്പെടുക.

## മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഒഴിവ്

പട്ടികവർഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പരവനടുക്കത്ത് പ്രവർത്തിക്കുന്ന പെൺകുട്ടിക ളുടെ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഏഴാം ക്ലാസിൽ നിലവിൽ രണ്ടു ഒഴിവുകളുണ്ട്. ഒരു ലക്ഷം രൂപയ്ക്ക് താഴെ കുടുബ വാർഷിക വരുമാനമുള്ള പട്ടികവർഗ വിദ്യാർഥിനികൾക്കു പ്രവേശന പരീക്ഷ ഈ മാസം 14 നു രാവിലെ 10 നു സ്കൂളിൽ നടത്തും. പ്രാക്തന ഗോത്ര വിഭാഗക്കാർക്കു വരുമാന പരിധി ബാധകമല്ല. വെള്ളക്ക ടലാസിൽ തയ്യാറാക്കിയ അപേക്ഷയും നിലവിൽ പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് സഹിതം അന്നേ ദിവസം സ്കൂളിൽ നേരിട്ട് ഹാജരാകണം. ഫോൺ:. 04994 239969.

## വാഹനം കണ്ടുകെട്ടി

ഹോസ്ദുർഗ് റെയിഞ്ചിലെ ക്രൈം നം.128/2016 കേസിലുൾപ്പെട്ട കെ.എൽ-59 എഫ് 6347 നമ്പർ സ്വിഫ്റ്റ് കാർ നിയമ നടപടികൾ പൂർത്തിയാക്കി, കാസർകോട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ സർക്കാരിലേക്കു കണ്ടുകെട്ടി. കണ്ടുകെട്ടൽ ഉത്തരവിനെതിരെ പരാതിയുള്ളവർ 30 ദിവസത്തിനുള്ളിൽ തിരുവനന്തപുരം എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്) മുമ്പാകെ അപ്പീൽ നൽകുക. അല്ലാത്തപക്ഷം വാഹനം ലേലം ചെയ്തു വില്പന നടത്തുമെന്ന് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ അറിയിച്ചു.

## തേനീച്ച വളർത്തൽ പരിശീലനം

കാസർകോട് കൃഷിവിജ്ഞാന കേന്ദ്രം, ഹോർട്ടിക്കോർപ്പ് (തിരുവനന്തപുരം), കെ.ആർ.ഡി.എസ് (കോ ളിച്ചാൽ) എന്നിവ സംയുക്തമായി സംഘടിപ്പിക്കുന്ന തേനീച്ച വളർത്തൽ പരിശീലന പരിപാടിയുടെ ഈ വർഷത്തെ ആദ്യബാച്ച് കൃഷിവിജ്ഞാന കേന്ദ്രത്തിൽ ഈ മാസം 20 ന് ആരംഭിക്കും. നാലു ദിവസത്തെ പരി ശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള കർഷകർ, യുവജനങ്ങൾ, വനിതകൾ എന്നിവർക്ക് 04994-232993, 9746059809 എന്നീ നമ്പറുകളിൽ വിളിച്ചു പേര് രജിസ്റ്റർ ചെയ്യാം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേർക്കാണു മുൻഗണന.

## ഹരിതകേരളം മിഷനിൽ ഇന്റേൺഷിപ്പിന് അപേക്ഷിക്കാം

പരിസ്ഥിതിശാസ്ത്രം, ഭൗമശാസ്ത്രം, സോഷ്യോളജി, സാമൂഹ്യസേവനം തുടങ്ങിയ മേഖലകളിൽ ബിരു ദാനന്തര ബിരുദധാരികൾക്കും സിവിൽ എഞ്ചിനീയറിംഗ്, കൃഷി എന്നീ മേഖലകളിൽ ബിരുദധാരികൾക്കും ജേർണ ലിസത്തിൽ ബിരുദം അല്ലെങ്കിൽ പി.ജി ഡിപ്ലോമ കഴിഞ്ഞ വിദ്യാർത്ഥികൾക്കും ഹരിതകേരളം മിഷനിൽ ഇന്റേൺഷി പ്പ് പ്രോഗ്രാമിന് അപേക്ഷിക്കാം. ആറു മാസമാണ് കാലാവധി. തെരഞ്ഞെടുക്കപ്പെടുന്നവർ പതിനാല് ജില്ലാ മിഷൻ ഓഫീസുമായും ഹരിതകേരളം സംസ്ഥാന ഓഫീസുമായും ബന്ധപ്പെട്ടാണ് പ്രവർത്തിക്കേണ്ടത്. അതാത് രംഗത്തെ വിദഗ്ധർ പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകും. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റും സർക്കാർ അംഗീകൃത സ്റ്റൈപൻഡും നൽകും. ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിലാണ് തെര ഞ്ഞെടുക്കുക. ഹരിതകേരളം മിഷൻ വെബ്സൈറ്റിൽ നൽകിയിട്ടുള്ള ഓൺലൈൻ സംവിധാനത്തിലൂടെ ആഗസ്റ്റ് 18ssh I pt¶ cwA © ph sc A t] £ k aÀ¸ n¡ mw h n Zh n¡ § Ä ¡ www.haritham.kerala.gov.in എന്ന വെബ്സൈറ്റ്സന്ദർശിക്കുക.

(തുടരും)

# സൗജന്യ ഡിടിപി, ഫോട്ടോഷോപ്പ് കോഴ്സ്

വെള്ളിക്കോത്ത് ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിക്കുന്ന ഡിടിപി, ഫോട്ടോഷോപ്പ്, ഫോട്ടോ എഡിറ്റിംഗ്, ഫ്ളക ്സ് ബോർഡ് ഡിസൈനിങ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്ലസ്ടു വര പഠിച്ച സ്വയംതൊഴിൽ ചെയ്യാൻ താല്പര്യമുള്ള യുവതി യുവാക്കൾക്ക് അപേക്ഷിക്കാം. പേര്, മേൽവിലാസം, ജനനതിയതി, ഫോൺനമ്പർ എന്നിവ അടങ്ങിയ അപേക്ഷ ഈ മാസം 18നകം വെള്ളിക്കോത്ത് ഇൻസ്റ്റിറ്റ്യൂട്ട്, ആനന്ദാശ്രമം പി.ഒ, കാഞ്ഞ ങ്ങാട്- 671 531 എന്ന വിലാസത്തിലോ ,bired2003@gmail.com എന്ന ഇമെയിൽ ഐഡിയിലോ ലഭിക്കണം. ഫോൺ: 0467 2268240, 9809952778.

# മാപ്പിളപ്പാട്ട് മത്സരം

കണ്ണൂർ മയ്യിൽ ജനസംസ്കൃതി സാംസ്കാരിക വകുപ്പിന് കീഴിലുള്ള കൊണ്ടോട്ടി മഹാകവി മോയിൻകുട്ടിവൈദ്യർ മാപ്പിളകലാ അക്കാദമിയുടെ സഹകരണത്തോടെ മാപ്പിളപ്പാട്ട് മത്സരം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഈ മാസം 12നകം 9947675122 എന്ന നമ്പറിൽ ബന്ധപ്പെടുക

# ദേശീയബാലശാസ്ത്ര കോൺഗ്രസ്

# ശാസ്ത്ര അധ്യാപകർക്ക് ശില്പശാല 10 ന്

ഡിസംബറിൽ ഭുവനേശ്വറിൽ നടക്കുന്ന ദേശീയ ബാലശാസ്ത്ര കോൺഗ്രസിലേക്ക് ജില്ലയിൽ നിന്നു ള്ള ബാലപ്രതിഭകളെ ഒരുക്കുകിന് വേണ്ടി അധ്യാപകർക്ക് ഒരു ശല്പശാല ഈ മാസം 10 ന് രാവിലെ 10 ന് പെരിയ ജവഹർ നവോദയ വിദ്യാലയയിൽ നടത്തും. സംസ്ഥാന ബാലശാസ്ത്ര കോഗ്രസ് നവംബറിൽ വയ നാട് ജില്ലയിലെ ബാലശാസ്ത്ര കോഗ്രസ് ഒക്ടോബറിലും നടക്കും. ജില്ലയിലെ മുഴുവൻ വിദ്യാലയങ്ങളിലെയൂം സയൻസ് ക്ലബ് കോഓർഡിനേറ്റർ മാർ ശില്പശാലയിൽ പങ്കെടുക്കണമെന്നു ജില്ലാ കോ-ഓർഡിനേറ്റർ പ്രെഫ.വി. ഗോപിനാഥൻ അറിയിച്ചു. ഫോൺ: 9446281854

# ഐ.ടി.ഐ പ്രവേശനം തീയതി നീട്ടി

സീതാംഗോളി ഗവ. ഐ.ടി.ഐ യിൽ ഈ വർഷത്തെ എസ്.സി.വി.ടി, വെൽഡർ (ഗ്യാസ് ആന്റ് ഇലക് ട്രിക്) ട്രേഡിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയം നീട്ടി. ഒരു വർഷ കോഴ്സായ വെൽഡർ ട്രേഡിലേക്ക് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 10. അപേക്ഷാഫോറം ബാഡൂരിലുള്ള ഐ.ടി.ഐ ഓഫീസിൽ നിന്നും ലഭിക്കും. ഫോൺ: 0499-8245099

# തടി ഇ-ഓക്ഷൻ

കേരള വനം വകുപ്പിന്റെ കീഴിൽ പരപ്പ ഗവ:ടിമ്പർ ഡിപ്പോയൽ നിന്നും തേക്ക്, അക്കേഷ്യ, മറ്റ് വിവിധ യിനം തടികൾ ഈ മാസം 20 ന് ഇ-ഓക്ഷൻ വഴി എംഎസ്ടിസി ലിഗിറ്റഡ് എന്ന കമ്പനി വഴി ഓൺലൈൻ ലേല ത്തിൽ വിൽപ്പന നടത്തും. ഫോൺ: 04994-270060, 8547602862, 8547602863.

(അവസാനിച്ചു)